**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 231** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഞാറക്കൽ താലൂക്ക് ആശുപത്രിയിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വെപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ താലൂക്ക് ആശുപത്രിയുടെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പാതിവഴിയിൽ നിർത്തിവെച്ചിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ; | (എ) | ഐസോലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനത്തിനായി സാധന സാമഗ്രികളുടെ കുറവ് ഉണ്ടായിരുന്നെങ്കിലും അത് പരിഹരിച്ച് ഫൗണ്ടേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്നും ഏജൻസിയുടെ ഭാഗത്തുനിന്നും തടസ്സങ്ങൾ ഉണ്ടായതിനെത്തുടർന്ന് നിരവധി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ പൂർത്തിയാക്കാനായി കരാർ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ കരാറുകാർ ആരെന്നും കരാർ കാലാവധി എന്നുവരെയാണെന്നും വ്യക്തമാക്കുമോ; കരാറിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയാണ് പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ഏജൻസി. കരാർ വ്യവസ്ഥ പ്രകാരം കരാറുകാരന് സ്ഥലം കൈമാറി 135 ദിവസത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നിർമ്മാണം നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ കരാർ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | 30.06.2024 വരെ നിർമ്മാണ ഏജൻസിയ്ക്ക് കരാർ ദീർഘിപ്പിച്ചുനൽകിയിട്ടുള്ളതിനാൽ പ്രസ്തുത കാലയളവിനുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ